# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം
തീയതി: 30-11-2013

ഉത്തരവ് നമ്പർ. E1-40971/13/Kdis.

വിഷയം:- സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- ശ്രീ. സാബു ജോസഫ്, ജില്ലാ പ്രൊബേഷൻ ഓഫീസർ, ആലപ്പുഴ- ജില്ലാസാമൂഹ്യനീതി ഓഫീസറുടെ ചാർജ്ജ് ഒഴിവാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ഉത്തരവ് നമ്പർ. E1-40971/13 തീയതി: 21-11-2013
2) 28-11-2013ലെ ശ്രീ സാബു ജോസഫ് ബേഷൻ ഓഫീസർ ഗ്രേഡ്-1ന്റെ അപേക്ഷ

ആലപ്പുഴ പ്രോഗ്രാം ആഫീസർ ശ്രീമതി വിജയകുമാരി. കെ.എം, 04-12-2013 മുതൽ 31-12-2013 വരെ വിനിമയ അവധി അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ടി കാലയളവിലേക്ക് അവധി അനുവദിക്കുകയും ശ്രീ. വിജയകുമാരി കെ.എം. അധിക ചുമതല വഹിച്ചിരുന്ന ആലപ്പുഴ ജില്ലാ സാമൂഹ്യ നീതി ആഫീസറുടെ പൂർണ്ണ അധികചുമതല ശ്രീ. എ.ജെ. സാബു ജോസഫ്, പ്രൊബേഷൻ ആഫീസർക്ക് ഒന്നാം പരാമർശ ഉത്തരവ് പ്രകാരം നൽകുകയും ചെയ്തിരുന്നു.

എന്നാൽ 2009 മാർച്ചിൽ സംഭവിച്ച വാഹനാപകടത്തെ തുടർന്ന് ഇടതുകാലിന് ഗുരുതരമായ ക്ഷതം സംഭവിച്ച് ചികിൽസയിൽ തുടരുന്നതിനാൽ തനിക്ക് നൽകിയിട്ടുള്ള ജില്ലാസാമൂഹ്യനീതി ഓഫീസറുടെ പൂർണ്ണ അധിക ചുമതല ഒഴിവാക്കി തരണെമെന്ന് സൂചന 2 പ്രകാരം ശ്രീ. എ.ജെ. സാബു ജോസഫ് അപേക്ഷിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ശ്രീ. എ.ജെ. സാബു ജോസഫ്-ന്റെ അപേക്ഷ പരിഗണിച്ച്, ശ്രീമതി വിജയകുമാരി. കെ.എം-ന്റെ അവധിക്കാലത്ത് ആലപ്പുഴ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ പൂർണ്ണ അധികചുമതല, ആലപ്പുഴ അർബൻ ശിശുവികസന പദ്ധതി ഓഫീസർ ശ്രീമതി എൽ. ഷീബയ്ക്ക് മാറ്റി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

ചുമതലകൈമാറ്റം സംബന്ധിച്ച റിപ്പോർട്ട് അടിയന്തിരമായി അയച്ചുതരേണ്ടതാണ്.

ഒപ്പ്
**സാമൂഹ്യനീതി ഡയറക്ടർ**

1) ശ്രീമതി കെ.എം. വിജയകുമാരി, പ്രോഗ്രാം ഓഫീസർ ആലപ്പുഴ
2) ശ്രീ. സാബു ജോസഫ്, പ്രൊബേഷൻ ഓഫീസർ, ആലപ്പുഴ
3) ശ്രീമതി. എൽ. ഷീബ
ശിശുവികസന പദ്ധതി ആഫീസർ, ആലപ്പുഴ അർബൻ

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ, കേരള തിരുവനന്തപുരം.
2. ജില്ലാ സാമൂഹ്യനീതി ഓഫീസർ, [redacted] ആലപ്പുഴ
3. ജില്ലാ പ്രോഗ്രാം ആഫീസർ, [redacted] ആലപ്പുഴ.
4. സ്റ്റോക്ക് /സ്പെയർ.
5. ഇ2-ഇ13

ഉത്തരവിൻപ്രകാരം,

സൂപ്രണ്ട്